**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3869** **27-10-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതിക്കായുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ- റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സാദ്ധ്യതാ പഠന റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ആയതിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സിൽവർ ലൈൻ പദ്ധതിക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ നീതി ആയോഗ് സംസ്ഥാനത്തിന് അനുമതി നകിയിട്ടുണ്ട്. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻറിച്ചർ എന്നീ വിഭാഗങ്ങളും പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട് |
| (ബി) | കെ-റെയിൽ പദ്ധതിക്കായി തുക കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണെന്ന് വിശദമാക്കാമോ; | (ബി) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ തിരുവനന്തപുരം - കാസർകോട് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. ഇതിൽ 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,362 കോടി രൂപ ഹഡ്കോ, കിഫ്ബി, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW, AIIB, JICA എന്നിവയിൽ നിന്നുമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസനമാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. |
| (സി) | പദ്ധതിക്കായി വിദേശവായ്പ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 33,700 കോടി രൂപ (സോഫ്റ്റ് ലോൺ - പലിശ (0.3 - 1.5 % വരെ) സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ എന്നിവരെ കേന്ദ്ര ധനകാര്യമന്ത്രാലയം വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു കഴിഞ്ഞു. വായ്പയ്ക്കായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻടിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു പദ്ധതി ശുപാർശ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും എടുക്കുന്ന വായ്പകളുടെ കടബാധ്യത സംബന്ധിച്ച് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത വായ്പ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിനു സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധന ഘട്ടത്തിലാണ്. സാമ്പത്തിക കാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്കു ശുപാർശ ചെയ്യേണ്ടതുണ്ട്. ഇതിനു ശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുമ്പോട്ടു പോകുക. വായ്പ തിരിച്ചടവ് ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വിശദാംശങ്ങൾ | തുക | ശതമാനം |
|---|---|---|
| **മൂലധനം** | | |
| റെയിൽ മന്ത്രാലയം | Rs.3,125 Cr | 4.89% |
| കേരള സർക്കാർ | Rs.3,253 Cr | 5.09% |
| പബ്ലിക്ക് | Rs 4,252 Cr | 6.65%) |
| **അന്താരാഷ്ട്ര വായ്പ** | Rs.33,700 Cr | 52.70% |
| **സബോർഡിനേറ്റ് ഡബ്റ്റ്** | | |
| കേന്ദ്ര സർക്കാർ (നികുതി ഇളവ്)<br>കേരള സർക്കാർ (നികുതി ഇളവ്)<br>കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R) -<br><br>JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം)<br><br>IDC - നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ | Rs.3189 Cr<br>Rs.2896 Cr<br>Rs.11,837 Cr<br><br>Rs.1,525 Cr<br><br>Rs.164 Cr | 4.99%<br>4.53%<br>18.51%<br><br>2.39%<br><br>0.26% |
| <u>ആകെ</u> | Rs. 63,941/- | 100% |

- ഈ പദ്ധതിയുടെ FIRR : 8.49% (Calculation Period 50 yrs)
- Economic IRR : 24.04 (Calculation Period 50 yrs)

സെക്ഷൻ ഓഫീസർ